'ജിം'-ൽ കരാറൊപ്പിട്ടവയിൽ നടപ്പിൽ വരുത്തിയ ടൂറിസം പദ്ധതികൾ

38 [5414] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടത്തിയ 'ജിം'-ൽ കരാറൊപ്പിട്ട ടൂറിസം പദ്ധതികളിലേതെങ്കിലും നടപ്പിൽ വരുത്തിയോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് അവയെന്ന് വ്യക്തമാക്കുമോ;

(സി) ഇനി എത്ര പദ്ധതികളാണ് നടപ്പിൽ വരുത്തുവാനുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ടു പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) 1. അമ്യൂസ്മെന്റ് പാർക്ക്, വേളി.

2. ടൂറിസം പ്രോജക്ട്, ബേക്കൽ.

(സി) 8 പദ്ധതികൾ (അനുബന്ധം കാണുക).†

ടൂറിസം വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ

39 [5415] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ആയുർവേദം, ഹെൽത്ത്-ടൂറിസം എന്നിവ പ്രചരിപ്പിക്കുന്നതിന് കെ.എസ്. ഐ. ഡി. സി. മുൻകൈയെടുത്ത് 'ഹോളിസ്റ്റിക് ഗ്രാമം' എന്ന ഒരു പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കൊളോൺ തെറാപ്പി, മെഡിറ്റേഷൻ, യോഗ തുടങ്ങി 25-ൽ പരം ചികിൽസാ സൗകര്യങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ കഴിയുന്ന ഹോളിസ്റ്റിക് ഗ്രാമം പദ്ധതി വെള്ളായണി കായലുമായി ബന്ധപ്പെട്ട കോവളം ഭാഗത്ത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കേരളം സന്ദർശിക്കുന്ന വിദേശികളും, സ്വദേശികളുമായ ലക്ഷക്കണക്കിന് വിനോദസഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ടൂറിസം വകുപ്പു പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി നിരവധി ടൂറിസം റോഡുകൾ, യാത്രി നിവാസുകൾ, വഴിയോര വിശ്രമ കേന്ദ്രങ്ങൾ, ടൂറിസ്റ്റ് കോംപ്ലക്സുകൾ, പേ & യൂസ് ടോയ്ലറ്റുകൾ എന്നിവയുടെ പ്രവർത്തനം നടത്തിവരുന്നു.

(ബി) ഉണ്ട്. (വാഗമൺ ടൂറിസം പദ്ധതിയുടെ ഭാഗമായി ഇത്തരം ഒരു ഘടകം കൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.)

(സി) ഇപ്രകാരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly